പാഠം 4

# കഠിനമായ വഴി

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശയ്യാവ് 7:14–16; 7:17–25; 8:1 –10; 8:11–15; 8:16–22.**

**മനഃപാഠവാക്യം: "ഞാനോ യാക്കോബ് ഗൃഹത്തിന് തന്റെ മുഖം മറച്ചുകളഞ്ഞ യഹോവയ്ക്കായി കാത്തിരിക്കയും പ്രത്യാശിക്കയും ചെയ്യും" (യെശയ്യാവ് 8:17).**

ന്യൂയോർക്ക് പട്ടണത്തിലെ ഹാർലെമിൽ കത്തിക്കൊണ്ടിരുന്ന ഒരു കെട്ടിടത്തിന്റെ നാലാം നിലയുടെ ജനാലയ്ക്കൽ ഒരു അന്ധയായ പെൺകുട്ടി ഇരിക്കയായിരുന്നു, അഗ്നിശമനാംഗങ്ങൾ കടുത്ത നിരാശയിലായിരുന്നു. കെട്ടിടങ്ങളുടെ ഇടയിൽ അവരുടെ ട്രക്ക് ഇടാൻ കഴിയുമായിരുന്നില്ല, അവിടെ കെട്ടി തയ്യാറാക്കിയിരുന്ന ഒരു വലയിലേക്ക് പെൺകുട്ടിയെ ചാടിക്കാനും കഴിഞ്ഞില്ല, അവൾക്ക് അതു കാണാൻ കഴിയില്ലല്ലോ.

"ഒടുവിൽ അവളുടെ പിതാവ് വന്ന് ഉച്ചഭാഷിണിയിലൂടെ അവൾ താഴേക്ക് ചാടണമെന്ന് ആവശ്യപ്പെട്ടു. അവൾ യാതൊരു ആയാസവും കൂടാതെ ചാടിയതിനാൽ ഒരു എല്ല് ഒടിയുകയോ ഒരു പേശി വലിയുകയോ പോലും ചെയ്തില്ല. അവൾ പൂർണ്ണമായി അവളുടെ പിതാവിനെ വിശ്വസിച്ചതുകൊണ്ട്, അവളുടെ പിതാവിന്റെ ശബ്ദം കേട്ടപ്പോൾ അവൾക്ക് ഏറ്റവും നല്ലതെന്ന് പിതാവ് പറഞ്ഞ കാര്യം അവൾ ചെയ്തു."

ഇതേപോലെ, അവന്റെ കുഞ്ഞുങ്ങൾക്ക് ഏറ്റവും നല്ലത് അവൻ ആഗ്രഹിക്കുന്നു എന്ന് അവൻ ശക്തമായ തെളിവ് നൽകി. എന്നാൽ അവർ അവൻ ആദ്യം അവർക്കു നൽകിയ ശാന്തമായി ഒഴുകുന്ന രീതിയെ അവർ തിരസ്കരിച്ചു; അങ്ങനെ അവന് അവരോട് പകരമായി ഗർജ്ജനത്തിലും പ്രളയത്തിലും സംസാരിക്കേണ്ടി വന്നു.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ജനുവരി 23 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## പ്രവചനം നിവൃത്തിയായി (യെശയ്യാവ് 7:14-16)

യെശയ്യാവ് 7:14-16 ൽ ആഹാസിന്റെ വൈഷമ്യവുമായി ബന്ധപ്പെട്ടുള്ള ഒരു അടയാളമാണ് ഇമ്മാനുവേൽ: ശിശുവായ ഇമ്മാനുവേൽ വ്യത്യസ്ത ആഹാരങ്ങൾ വേർതിരിച്ചറിയുവാൻ പ്രായമാകുന്നതിനു മുമ്പേ. "നീ വെറുക്കുന്ന രണ്ട് രാജാക്കന്മാരുടെയും ദേശം ഉപേക്ഷിക്കപ്പെട്ടിരിക്കും" (യെശയ്യാവ് 7:16). ഇത് ഇസ്രായേലിന്റെയും സിറിയയുടെയും ദേശങ്ങളെയും രാജാക്കന്മാരെയും സൂചിപ്പിക്കുന്നു (യെശ. 7:12, 4-9). അവരുടെ ശക്തി വേഗത്തിൽ ക്ഷയിക്കുമെന്ന ദൈവത്തിന്റെ വാഗ്ദത്തം ആവർത്തിച്ചുറപ്പിക്കയും ചെയ്യുന്നു.

ആ ബാലൻ കഴിക്കേണ്ടി വരുന്ന "തൈരിനെയും തേനിനെയും" എന്തുകൊണ്ടാണ് യെശയ്യാവ് പ്രതിപാദിക്കുന്നത്? (യെശ. 7:15).

യെഹൂദയുടെ കൃഷിയും കൃഷിയിടങ്ങളും അശ്ശൂർ നശിപ്പിക്കയും (യെശ. 7:23-25). പഴയനിയമ ഇമ്മാനുവേൽ ഉൾപ്പെടുന്ന (യെശ. 7:14,15). നാടോടികളുടെ ആഹാരത്തിലേക്ക് തിരികെ വരുവാൻ ജനങ്ങൾ നിർബന്ധിതരാകുകയും ചെയ്യും (യെശ. 7:21,22). എന്നാൽ അവർ സാധുക്കളായിരിക്കുമ്പോൾ തന്നെ അവർക്ക് നിലനില്ക്കാൻ ആവശ്യമായത് ഉണ്ടായിരിക്കും.

**വടക്കൻ യിസ്രായേലിനെയും സിറിയയെയും സംബന്ധിച്ച പ്രവചനം എപ്പോഴാണ് പൂർത്തിയായത്? (2 രാജാക്കന്മാർ 15:29,30; 2 രാജാക്കന്മാർ 16:7-9; 1 ദിനവൃത്താന്തം 5:6-26).**

യെശയ്യാവ് ഈ പ്രവചനം നൽകി (734 ബി.സി.) ആഹാസിന്റെ കൈക്കൂലിക്ക് പ്രതികരണമായി തിഗ്ലത്ത് പിലേസർ വടക്കൻ സഖ്യത്തെ തകർത്തു. വടക്കൻ യിസ്രായേലിന്റെ ഗലീലാ, യോർദ്ദാൻ മേഖലകൾ കീഴടക്കി, ജനങ്ങളെ നാടുകടത്തി, അവിടം അശ്ശൂർ സംസ്ഥാനങ്ങളാക്കി (734-733 ബി.സി.). യിസ്രായേലിൽ ശേഷിച്ചവർ രക്ഷപ്പെട്ടത് പെക്കാ രാജാവിനെ കൊല ചെയ്തശേഷം ഹോശേയ കീഴടങ്ങുകയും കപ്പം കൊടുക്കയും ചെയ്തപ്പോഴാണ്. ബി.സി. 732 ലും 733 ലും തിഗ്ലത്ത് പിലേസർ സിറിയുടെ തലസ്ഥാനമായ ദമസ്ക്കോസ് കീഴടക്കി. പിന്നീട് സിറിയയെ അസ്സീര്യൻ സംസ്ഥാനങ്ങളാക്കി. അങ്ങനെ 732 ഓടുകൂടി യെശയ്യാവിന്റെ പ്രവചനം നിവൃത്തിയായി.

727 ബി.സി. യിൽ ഷാൽമനേസർ V തിഗ്ലത്ത് പിലേസറിന് പകരമായി വന്നു. യിസ്രായേലിന്റെ ഹോശേയ രാജാവ് അശ്ശൂരിനെതിരെ പോരാടി.

722 ബി.സി. യിൽ അസ്സീര്യക്കാർ ശമര്യ കീഴടക്കി യിസ്രായേല്യരെ മെസപ്പൊട്ടേമിയയിലേക്കും മേദ്യയിലേക്കും നാടുകടത്തി. അവിടെ അവർ പ്രാദേശിക ജനങ്ങളുമായി ഇടകലർന്ന് അവരുടെ വ്യക്തിത്വം നഷ്ടപ്പെടുത്തി (യെശ. 7:8) - 65 വർഷങ്ങൾക്കുള്ളിൽ എഫ്രയീം നാമാവശേഷമായി. യെഹൂദയുടെ ശത്രുക്കൾക്ക് എന്ത് സംഭവിക്കും എന്ന് ദൈവം മുൻകൂട്ടി പറഞ്ഞിട്ടുണ്ടായിരുന്നു, എന്നാൽ അശ്ശൂരിനെ ആശ്രയിക്കാതെ തന്നെ ഇതെല്ലാം സംഭവിക്കുമായിരുന്നു.

**ചിന്തിക്കുക, നിങ്ങൾ വടക്കൻ രാജ്യത്ത് ഉണ്ടായിരുന്നുവെങ്കിൽ വിശ്വാസം നഷ്ടപ്പെടാൻ എത്ര എളുപ്പമായിരുന്നു. നാളത്തെ അനർത്ഥങ്ങൾ വരുമ്പോൾ, ഉറച്ചു നില്ക്കേണ്ടതിനും, വിശ്വാസം കേടുകൂടാതെ സൂക്ഷിക്കുന്നതിനും നമുക്ക് എന്ത് ചെയ്യാൻ കഴിയും? (1 പത്രൊസ് 1:13-25).**

## മുൻകൂട്ടി പരിണതഫലങ്ങൾ (യെശ. 7:17-25)

മുകളിൽ ഉള്ള വാക്യങ്ങൾ വായിക്കുക. ദേശത്തിന് എന്തു സംഭവിക്കും എന്നാണ് ദൈവം വിവരിക്കുന്നത്? ഈ അനന്തരഫലത്തിൽ നാം എന്തുകൊണ്ട് അതിശയിക്കേണ്ടതില്ല?

"യഹോവയോടുള്ള കൂറിലേക്ക് തിരികെ വരുവാൻ തെറ്റു ചെയ്തുകൊണ്ടിരുന്ന യിസ്രായേലിനെ ആവർത്തിച്ചാവർത്തിച്ച് ക്ഷണിച്ചു കൊണ്ടിരുന്നു. പ്രവാചകന്മാരുടെ യാചനകൾ ആർദ്രമായിരുന്നു; അങ്ങനെ അവർ നവീകരണത്തിലേക്കും അനുതാപത്തിലേക്കും തീക്ഷ്ണതയോടെ ആഹ്വാനം ചെയ്ത് ജനങ്ങളുടെ മുമ്പിൽ നിന്നപ്പോൾ, അവരുടെ വാക്കുകൾ ദൈവമഹത്വത്തിനായി ഫലം പുറപ്പെടുവിച്ചു." പ്രവാചകന്മാരും രാജാക്കന്മാരും p. 325 EGW.

അപ്രകാരം, വിശ്വാസത്തിനു പകരം ഭയത്തിനു കീഴടങ്ങിയ ആഹാസിന്, ദൈവത്തിൽനിന്നുള്ള സുവാർത്ത യിസ്രായേലും സിറിയയും തുടച്ചു നീക്കപ്പെട്ടും എന്നായിരുന്നു. ദുഃഖവാർത്ത ആകട്ടെ അവനെ സഹായിക്കുവാനായി അവൻ തിരഞ്ഞെടുത്ത തുണയും "സുഹൃത്തും" സിറിയയും യിസ്രായേലുമായിരുന്നതിനേക്കാൾ അപകടകാരിയായ ശത്രുവായി മാറും എന്നതാണ്. സൗജന്യമായി ദൈവം വാഗ്ദത്തം ചെയ്ത വിടുതൽ തിരസ്കരിച്ചതിലൂടെ, ആഹാസിന് പരാജയം സുനിശ്ചിതമായിരുന്നു. ഇപ്പോൾ അവന്റെ ലോകം തകർന്നുവീഴുന്നു എന്ന് അവൻ ചിന്തിച്ചെങ്കിൽ, കാര്യങ്ങൾ കൂടുതൽ വഷളാകാൻ പോകയായിരുന്നു!

"പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്" (സങ്കീ. 118:9). തിഗ്ലത്ത് പിലേസർ III വടക്കുള്ള രാജ്യങ്ങൾ മാത്രം കീഴടക്കി സംതൃപ്തനായി യെഹൂദയെ ബഹുമാനിക്കും എന്ന് ആഹാസിന് എങ്ങനെ വിശ്വസിക്കാൻ കഴിയും? അശ്ശൂർ എഴുത്തുകളായ, അശ്ശൂർ രാജാക്കന്മാരുടെ വൃത്താന്തപുസ്തകങ്ങൾ തന്നെ, സാക്ഷ്യപ്പെടുത്തുന്ന വസ്തുത അധികാരത്തിനുവേണ്ടിയുള്ള അവരുടെ ആഗ്രഹം അടക്കാനാവാത്തതായിരുന്നുവെന്നാണ്.

**2 രാജാക്കന്മാർ 16:10-18 ഉം 2 ദിനവൃത്താന്തം 28:20-25 ഉം വായിക്കുക. ആഹാസിന് എന്താണ് സംഭവിച്ചുകൊണ്ടിരുന്നത്? എന്ത് ആത്മീയ തത്വമാണ് ഇവിടെ ഉരുത്തിരിയുന്നതായി നാം കാണുന്നത്? അവന്റെ പ്രവൃത്തികളിൽ നാം എന്തുകൊണ്ട് അതിശയിച്ചുകൂടാ?**

ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം ആഹാസ് അശ്ശൂരിൽനിന്ന് സഹായം അഭ്യർത്ഥിച്ചതിലൂടെ ഉണ്ടായ ഫലത്തെ 2 ദിനവൃത്താന്തം 28:20-23 വളരെ ശക്തമായി സംഗ്രഹിക്കുന്നു.

നമ്മുടെ സ്വാഭാവിക പ്രവണത നമുക്ക് കാണാനും അനുഭവിക്കാനും രുചിക്കാനും സ്പർശിക്കാനും കഴിയുന്നതിനെ ആശ്രയിക്കുക എന്നതാണ്. എന്നിട്ടുകൂടി, നമുക്ക് അറിയാവുന്നതുപോലെ, ലോകത്തിന്റെ കാര്യങ്ങൾ ഇല്ലാതാകുന്നു. 2 കൊരിന്ത്യർ 4:18 കാണുക. ആ വാക്യം നമ്മോട് എന്താണ് പറയുന്നത്? അതിന്റെ സന്ദേശം നമ്മുടെ സ്വന്തം ജീവിതങ്ങളിൽ നമുക്കെങ്ങനെ പ്രയോഗിക്കാൻ കഴിയും? നാം അങ്ങനെ ചെയ്താൽ എന്ത് വ്യത്യാസമാണ് അത് നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കുക?

## ഒരു പേരിൽ എന്തിരിക്കുന്നു? (യെശ. 8:1–10)

യെശയ്യാവിന്റെ രണ്ടാമത്തെ മകനുമായി ഒരു പന്തുകളി നിങ്ങൾക്ക് ഭാവന ചെയ്യാനാകുമോ? മഹേർ-ശാലാൽ-ഹാശ്-ബസ് പന്ത് എനിക്ക് എറിഞ്ഞു തരൂ എന്നു നിങ്ങൾ പറഞ്ഞുവരുമ്പോഴേക്കും വളരെ വൈകിപ്പോയിരിക്കും അവന്റെ പേരിനെക്കാൾ നീളമാണ് അതിന്റെ അർത്ഥം "വേഗത്തിലുള്ള ഇരയാണ് കൊള്ള."

ആ പേരിന്റെ ദൂത് വ്യക്തമാണ്, എന്നാൽ ആര് ആരെ കീഴടക്കും? (യെശ. 8:4.)

7-ാം അദ്ധ്യായത്തിന്റെ ദൂത് യെശയ്യാവ് 8:1–10 ദൃഢപ്പെടുത്തുന്നു. ഒരു പൈതൽ ഒരു പ്രത്യേക പ്രായം എത്തുന്നതിനു മുമ്പു തന്നെ, സിറിയയുടെയും വടക്കൻ യിസ്രായേലിന്റെയും തലസ്ഥാനങ്ങളിൽ നിന്നുള്ള യുദ്ധത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ അശ്ശൂർ കൈക്കലാക്കിയിരിക്കും. ഇതിനു പുറമെ, ദൈവത്തിന്റെ സൗമ്യമായ ഉറപ്പിന്റെ ദൂതിനെ യഹൂദാ തിരസ്കരിച്ചതുകൊണ്ട്, അസ്സീര്യയുടെ മഹാശക്തിയാൽ അവർ അടിച്ചമർത്തപ്പെടും.

ആഹാസ് അശ്ശൂരിലേക്ക് തിരിഞ്ഞതുകൊണ്ട്, യെഹൂദയെയും വടക്കൻ യിസ്രായേലിനെയും പ്രതിപാദിക്കുന്ന യെശയ്യായുടെ പുത്രന്മാരുടെ പേരുകൾ: "വേഗത്തിലുള്ള ഇരയാണ് കൊള്ള" എന്നാൽ "ഒരു ശേഷിപ്പ് തിരികെ വരും." ഇപ്പോഴും പ്രത്യാശ ഉണ്ട്. കാരണം അശ്ശൂർ ഇമ്മാനുവേലിന്റെ ദേശം മൂടുമെങ്കിലും (യെശ. 8:10) "ദൈവം നമ്മോട് കൂടെയുണ്ട്" എന്ന വാഗ്ദത്തം അവർക്ക് ഇപ്പോഴും ഉണ്ടായിരുന്നു (യെശയ്യാവ് 8:10).

യെശയ്യാവിലെ പ്രധാന ചിന്താവിഷയം: സൈനിക ദുരന്തങ്ങൾ, കഷ്ടപ്പാടുകൾ, നാടുകടത്തൽ എന്നിങ്ങനെ യഹൂദയിലും മറ്റു രാഷ്ട്രങ്ങളിലും ദൈവത്തിന്റെ ശത്രുക്കൾക്ക് ന്യായവിധി ഉണ്ടാക്കുമെങ്കിലും വിശ്വസ്തരായ അവന്റെ ജനത്തിൽ ശേഷിക്കുന്നവരെ അവരുടെ ദേശത്തേക്ക് മടക്കിക്കൊണ്ടുവരും.

അവൻ നിയമപരമായി പൈതലിന്റെ പേര് രേഖപ്പെടുത്തിയെന്നും അവന്റെ ഭാര്യയുമായി ("പ്രവാചിക'') വൈവാഹിക ബന്ധം ഉണ്ടായിരുന്നുവെന്നും യെശയ്യാവ് എന്തുകൊണ്ടാണ് നമ്മോട് പറയുന്നത്? (യെശയ്യാവ് 8:1–3).

ഒരു അടയാളമെന്ന നിലയിൽ ഈ മകന്റെ സമയം മുഖ്യമായിരുന്നു. ഇമ്മാനുവേലിന്റെ അടയാളമെന്ന പോലെ, അവനെ ഗർഭം ധരിച്ച സമയം മുതൽ അശ്ശൂർ യിസ്രായേലിനെയും സിറിയയെയും തോല്പിച്ച സമയത്ത് ജനിക്കയും ചെയ്തപ്പോഴും ബാലൻ തന്റെ മാതാപിതാക്കളെ വിളിക്കാനെടുത്ത സമയത്തേക്കാൾ കുറവായിരുന്നു (യെശയ്യാവ് 8:4). അവന്റ ഗർഭധാരണത്തിനുമുമ്പേ തന്നെ ബാലന്റെ പേര് യെശയ്യാവ് നിയമപരമായി രേഖപ്പെടുത്തിയതിലൂടെ, അവൻ പൈതലിനെയും അവന്റെ പേരിനെയും തുടർന്നുള്ള സംഭവങ്ങളാൽ പരിശോധിക്കപ്പെടാവുന്ന ഒരു പൊതു പ്രവചനമാക്കി.

**അവന്റെ ജനമെന്ന് അവകാശപ്പെടുന്നവരുടെ തുടർച്ചയായുള്ള തെറ്റുകൾ ഉണ്ടായിരുന്നിട്ടും, ദൈവം ഇപ്പോഴും അവരെ രക്ഷിക്കാൻ സന്നദ്ധരായിരുന്നു. എങ്ങനെയാണ് ഈ തത്വം എടുത്ത് നമ്മുടെ വ്യക്തിപരമായ ജീവിതങ്ങളിൽ നമുക്ക് പ്രയോഗിക്കാവുന്നത്. പ്രത്യേകിച്ച് നമ്മുടെ ആത്മീയ ജീവിതത്തിൽ നാം വീഴുമ്പോഴും പരാജയപ്പെടുമ്പോഴും?**

## നാം ദൈവത്തെ ഭയക്കുമ്പോൾ നമുക്ക് യാതൊന്നും ഭയക്കുവാനില്ല

1933, മാർച്ച് 4 ന് തന്റെ ആദ്യ ഉദ്ഘാടന പ്രസംഗത്തിൽ, അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ ഡി. റൂസ്‌വെൽറ്റ് വൻ മാന്ദ്യത്തിൽ നിരാശരായിരുന്ന ഒരു രാഷ്ട്രത്തെ നോക്കി പറഞ്ഞു: "നമുക്ക് ഭയക്കുവാനുള്ള ഏക കാര്യം ഭയം തന്നെയാണ്." നിരാശരായ ജനങ്ങളോടുള്ള യെശയ്യാവിന്റെ ദൂത് ഇങ്ങനെയാണ്: നാം ദൈവത്തെ തന്നെ ഭയപ്പെടുമ്പോൾ നമുക്ക് യാതൊന്നും ഭയപ്പെടുവാനില്ല. തന്റെ ജനങ്ങൾ ഭയക്കുന്നതിനെ യെശയ്യാവ് ഭയപ്പെടേണ്ടതില്ല എന്ന് ദൈവം അവനു മുന്നറിയിപ്പ് നൽകി (യെശയ്യാവ് 8:12,13). ഇത് തിരുവെഴുത്തിലെ ഒരു പ്രധാന ആശയമാണ്. ഉദാഹരണത്തിന്, വെളിപ്പാട് 14:6–12 ൽ, മൂന്ന് ദൂതന്മാർ ഒരു ലോകവ്യാപകമായ സന്ദേശം പ്രഖ്യാപിക്കുന്നു: വെളിപ്പാട് 13 ൽ വിശദീകരിച്ചിരിക്കുന്ന ഭൗമിക മൃഗ ശക്തിക്കു മഹത്വം കൊടുക്കാതെ ദൈവത്തെ ഭയപ്പെട്ട് അവനു മഹത്വം കൊടുക്കുക.

**ദൈവത്തെ "ഭയപ്പെടുക" എന്ന ആശയം നിങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു? പ്രത്യേകിച്ച് ദൈവത്തെ സ്നേഹിക്ക എന്ന് നമുക്കുള്ള കല്പനയുടെ വെളിച്ചത്തിൽ (മത്തായി 22:37) അതിന്റെ അർത്ഥം എന്താണ്?**

ദൈവം പരിശുദ്ധനാണെന്നുള്ള യഥാർത്ഥ ഭയത്തിന്റെ അർത്ഥം നാം അവനെ പ്രപഞ്ചത്തിലെ പരമോന്നത ശക്തിയായി അംഗീകരിക്കുക എന്നാണ്. അപ്രകാരമുള്ള ഭയം മറ്റെല്ലാ ഭയത്തെയും അതിജീവിക്കുന്നു. അവൻ നിങ്ങൾക്കുവേണ്ടിയാണെങ്കിൽ, മറ്റാർക്കും തന്നെ അവന്റെ അനുവാദം ഇല്ലാതെ നിങ്ങളെ സ്പർശിക്കാനാവില്ല. നിങ്ങൾ അവനെതിരെ മത്സരിച്ചതുകൊണ്ട് അവൻ നിങ്ങൾക്ക് എതിരാണെങ്കിൽ, നിങ്ങൾക്ക് ഓടാൻ കഴിയും, എന്നാൽ ഒളിക്കാനാവില്ല!

നാം ദൈവത്തെ ഭയപ്പെടണം എന്ന ആശയം 1 യോഹന്നാൻ 4:18 ന് വിരുദ്ധമല്ലേ? "സ്നേഹത്തിന് ഭയമില്ല, ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല."

പല തരത്തിലുള്ള ഭയമുണ്ട്. നിങ്ങളുടെ സുഹൃത്ത് അതിബലവാനാണെങ്കിലും അവൻ നിങ്ങളെ ഉപദ്രവിക്കും എന്നോർത്ത് നിങ്ങൾ ഭയപ്പെടുന്നില്ല. എന്നാൽ അവന്റെ ശക്തിയെ ഓർത്തുള്ള ഒരു ആദരവ് നിങ്ങൾക്കുണ്ടാകും, നിങ്ങളുടെ ബന്ധത്തിന്റെ അതിർത്തികളും നിങ്ങൾക്കറിയാം.

ക്രിസ്ത്യാനികളെന്ന നിലയിൽ ലൗകികർ സ്നേഹിക്കുന്ന ലോക കാര്യങ്ങളെ നാം സ്നേഹിക്കരുത് (1 യോഹ. 2:15). സമാന്തരമായി ചിന്തിക്കുമ്പോൾ, ക്രിസ്ത്യാനികളെന്ന നിലയിൽ ലോകർ ഭയക്കുന്ന കാര്യങ്ങളിൽ നാം ക്രിസ്ത്യാനികളെന്ന നിലയിൽ ഭയക്കേണ്ടത്തതായി ഉണ്ടോ? അങ്ങനെയാണെങ്കിൽ, എന്താണ് അവ. നാം എന്തുകൊണ്ട് അവയെ ഭയക്കേണ്ടതില്ല? അതേസമയം, ലോകം ഭയക്കാത്ത എന്തു കാര്യങ്ങളാണ് ക്രിസ്ത്യാനികളായ നാം ഭയക്കേണ്ടത്? (ഉദാഹരണത്തിന് മത്തായി 10:28; യിരെ. 10:23 കാണുക).

## നന്ദികെട്ട ജീവച്ഛവമായവരുടെ അജ്ഞത (യെശയ്യാവ് 8:16-22)

**മുകളിലുള്ള പാഠഭാഗം വായിക്കുക. അത് എന്തിനെക്കുറിച്ചാണ് പറയുന്നത്? ഇതിന് ആഹാസ് രാജാവുമായി എന്ത് ബന്ധമുണ്ട്? ആശയം സംഗ്രഹിക്കുക.**

ആഹാസ് വിഗ്രഹാരാധനയിൽ ആഴത്തിൽ മുഴുകിയിരുന്നു (2 രാജാ. 16:3,4; 10-15; 2 ദിനവൃ. 28:2-4, 23-25). ഇത് മന്ത്രവാദവുമായി ശക്തമായി ബന്ധപ്പെട്ടിരുന്നു (ആവ. 32:17 മായി താരതമ്യം ചെയ്യുക). "ജാതികൾ ബലി കഴിക്കുന്നത് ദൈവത്തിനല്ല ഭൂതങ്ങൾക്കു കഴിക്കുന്നു" (1 കൊരി. 10:20). ബൈബിളിനു പുറത്തുള്ള പുരാതന എഴുത്തുകളിൽ സാക്ഷ്യപ്പെടുത്തുന്നതുപോലെ, ആധുനിക മന്ത്രവാദത്തിന്റെ വ്യത്യസ്ത ഭാവങ്ങൾക്ക് സമീപ കിഴക്കൻ ആചാരങ്ങളുമായി ശക്തമായ സമാനതയുണ്ട്. നിശ്ചയമായും, ഇന്നത്തെ പുതിയ കാലത്തിലെ ശീലങ്ങളിൽ അനേകവും പുരാതന മാന്ത്രിക പതിവുകളുടെ സമകാലികമായ പ്രകടനമാണ്.

ദൈവത്തിനു പകരം ദുരാത്മാക്കളിൽ ആശ്രയിക്കുമ്പോഴുണ്ടാകുന്ന നിരാശയെക്കുറിച്ചുള്ള യെശയ്യാവിന്റെ വിവരണം (യെശയ്യാവ് 8:21,22) ആഹാസിന് നന്നായി ഇണങ്ങും (2 ദിന. 28:22,23 താരതമ്യം ചെയ്യുക). ജനങ്ങൾ കുപിതരാകുകയും അവരുടെ രാജാവിനെ ശപിക്കയും ചെയ്യുന്നതിനെക്കുറിച്ച് യെശയ്യാവ് പ്രതിപാദിക്കുന്നു (യെശയ്യാവ് 8:21). ആഹാസ് ജനങ്ങളെ മന്ത്രവാദത്തിലേക്കു നയിച്ചതുകൊണ്ട്, അവർ അവനെ ശപിക്കുമെന്ന് ഇത് അവന് താക്കീതു നൽകുന്നു. വാസ്തവത്തിൽ, ആഹാസ് മരിച്ചപ്പോൾ അവനോടുള്ള ബഹുമാനക്കുറവുകൊണ്ട് അവന്റെ അടക്കത്തിന് ഒരു വ്യത്യസ്തത ഉണ്ടാക്കിയിരുന്നു: "യിസ്രായേൽ രാജാക്കന്മാരുടെ കല്ലറകളിൽ കൊണ്ടുവന്നില്ലതാനും" (2 ദിന. 28:27).

മന്ത്രവാദത്തെക്കുറിച്ച് ഈ വാക്യങ്ങൾ എന്തു പറയുന്നു? (ലേവ്യ. 20:27; ആവ. 18:9-14).

മന്ത്രവാദത്തിൽ നിന്നുള്ള വേർപെടൽ ദൈവത്തോടുള്ള കൂറിന്റെ ഒരു കാര്യമാണ്. 1 ദിനവൃത്താന്തം 10:13,14. ഈ തത്വം ശൗൽ രാജാവിന്റെ കാര്യത്തിൽ പ്രയോഗിക്കുന്നു: "ഇങ്ങനെ ശൗൽ യഹോവയോടു ചെയ്ത അതിക്രമം ഹേതുവായും യഹോവയുടെ വചനം പ്രമാണിക്കായ്കയാലും വെളിച്ചപ്പാടത്തിയോട് അരുളപ്പാട് ചോദിച്ചതിനാലും മരിക്കേണ്ടിവന്നു. അവൻ യഹോവയോട് അരുളപ്പാട് ചോദിക്കായ്കയാൽ അവൻ അവനെ കൊന്ന് രാജത്വം യിശ്ശായിയുടെ മകനായ ദാവീദിനു കൊടുത്തു" (1 ദിനവൃ. 10:13,14).

**നിങ്ങളുടെ സ്വന്തം ജീവിത ചുറ്റുപാടുകളെ നോക്കുക. നിങ്ങൾക്ക് ചുറ്റുമുള്ള ദുർഗ്രഹമായ മന്ത്രവാദത്തിന്റെയും പ്രേതാത്മ സിദ്ധാന്തത്തിന്റെയും സ്വാധീനത്തിനും അതിന്റെ വിവിധ ഭാവങ്ങൾക്കും നാം എത്രമാത്രം തുറന്നു വെക്കപ്പെട്ടിരിക്കുന്നു? പൂർണ്ണമായി ഒഴിവാക്കാനാകില്ലെങ്കിലും നിങ്ങളുടെയോ നിങ്ങളുടെ കുടുംബത്തിന്റെയോ മേൽ അവയ്ക്കുള്ള സ്വാധീനം കുറയ്ക്കുവാൻ നിങ്ങൾക്ക് എന്ത് ചെയ്യാനാകും?**

## കൂടുതൽ പഠനം:

"Can our Dead Speak to us?" GC pp. 551-562, EGW - വായിക്കുക.

എബ്രായരുടെ കാലത്ത് ഇന്നത്തെ പ്രേതാത്മവാദികൾ അവകാശപ്പെടുന്നതു പോലെ മരിച്ചവരുമായി സംസാരിക്കുന്ന ഒരു കൂട്ടം ജനങ്ങളുണ്ടായിരുന്നു. എന്നാൽ മറ്റ് ലോകങ്ങളിൽ നിന്നുള്ള സന്ദർശകൻ എന്ന് വിളിക്കുന്ന ഈ "പരിചിതരായ ആത്മാക്കളെ" വേദപുസ്തകം പ്രഖ്യാപിക്കുന്നത് "അശുദ്ധാത്മാക്കൾ" എന്നാണ് (സംഖ്യ. 25:1–3; സങ്കീ. 106:28; 1 കൊരി. 10:20; വെളി. 16:14 താരതമ്യം ചെയ്യുക). വെളിച്ചപ്പാടന്മാരുമായുള്ള ഇടപാടുകൾ നടത്തുന്നത് ദൈവത്തിന് വെറുപ്പുള്ളതായി പ്രഖ്യാപിക്കപ്പെട്ടു, അത് മരണശിക്ഷയാൽ വിലക്കപ്പെടുകയും ചെയ്തു (ലേവ്യ. 19:3; 20:27). ഇന്ന് മന്ത്രവാദത്തിന്റെ പേര് തന്നെ വെറുക്കപ്പെട്ടതായി കണക്കാക്കുന്നു.

ദുഷ്ടാത്മാക്കളുമായി മനുഷ്യർക്ക് സമ്പർക്കം പുലർത്താം എന്നത് അന്ധകാര യുഗത്തിലെ ഒരു കെട്ടുകഥയായി കണക്കാക്കപ്പെടുന്നു. എന്നാൽ പ്രേതാത്മ വാദത്തിന്റെ വിവിധ രൂപങ്ങൾ ഇന്ന് കോടിക്കണക്കിനുണ്ട്. അത് ശാസ്ത്രീയ ഗോള ങ്ങളിലേക്കും പള്ളികളിലേക്കും കയ്യേറ്റം നടത്തിയിരിക്കുന്നു. അത് നിയമനിർമ്മാണ സഭകളിലും രാജസദസ്സുകളിലും എത്തിയിരിക്കുന്നു. ഈ വൻ വഞ്ചന, പഴയ കാലത്ത് നിരോധിക്കപ്പെടുകയും കുറ്റം വിധിക്കപ്പെടുകയും ചെയ്യപ്പെട്ട മന്ത്രവാദ ത്തിന്റെ ഒരു പുതിയ ഭാവപകർച്ചയാണ്." GC p. 556, EGW

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. **വ്യാപകമായ സംസ്കാരത്തിലും ടി.വി.യിലും പുസ്തകങ്ങളിലും സിനിമകളിലും പ്രത്യ ക്ഷപ്പെടുന്ന പ്രേതാത്മസിദ്ധാന്തം എന്ന വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുക. ഇതു നിർത്തുവാൻ ഒന്നും ചെയ്യാനാകില്ല എങ്കിൽ, നമുക്ക് എങ്ങനെയാണ് അനേകർ നിരു പദ്രവം എന്ന് കരുതുന്ന ഈ വൻ വിപത്തിനെപ്പറ്റി ജനങ്ങളെ ബോദ്ധ്യപ്പെടുത്താ നാകൂ? ഈ വഞ്ചനയ്ക്കെതിരെ സുരക്ഷിതരായിരിക്കേണ്ടതിന് മരണത്തിലുള്ള മനു ഷ്യന്റെ അവസ്ഥയെക്കുറിച്ച് ഒരു ശരിയായ അറിവ് വളരെ പ്രധാനമായിരിക്കുന്നത്?**
2. **യെശയ്യാവ് 8:20 വായിക്കുക. ഇത് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വേറൊരു രീതി യിൽ പറയുക. ക്ലാസ്സിലെ വ്യത്യസ്ത ആളുകൾ അവരുടേതായ ഭാഗങ്ങളോ ഉറക്കെ വായിക്കുക. ദൈവം ഇവിടെ നമ്മോട് എന്താണ് പറയുന്നത്?**
3. **ഒരേ സമയം ദൈവത്തെ ഭയക്കുകയും സ്നേഹിക്കുകയും ചെയ്ക എന്ന ആശയ ത്തെക്കുറിച്ച് ഗഹനമായി ചിന്തിക്കുക. ആ ഭയത്തിൽനിന്ന് ഏതെല്ലാം വിധത്തിലാണ് നമ്മുടെ സ്നേഹം പൊട്ടിമുളയ്ക്കുക. അതോ നമ്മുടെ സ്നേഹത്തിൽ നിന്നാണോ ഭയം പൊട്ടിമുളയ്ക്കുന്നത്? ചർച്ച ചെയ്യുക.**

**സംഗ്രഹം: യെശയ്യാവിന്റെ വാക്കുകൾ, പ്രവൃത്തികൾ, കുടുംബം എന്നിവയിലൂടെ ദൈവം പ്രത്യാശയുടെയും താക്കീതിന്റെയും സന്ദേശം ആവർത്തിച്ചുറപ്പിച്ചു. സുര ക്ഷിതമായ ഒരേയൊരു മാർഗ്ഗം ദൈവം ചെയ്യുന്നത് അവനറിയാം എന്നു വിശ്വസി ക്കുക മാത്രമാണ്. അവനെ അനുവദിക്കുന്നവർക്കായി കരുതാനും സംരക്ഷിക്കാനും നയിക്കാനുമുള്ള ശക്തിയും സ്നേഹവും അവനുണ്ട്. മറ്റു ശക്തികളിലേക്കു തിരി യുന്നവർക്ക് മ്ലാനത മാത്രമേ ഉണ്ടാകൂ.**